## (44.) ളാക്കൂർ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഒരു ഇടവക സാർവ്വത്രിക സഭയുടെ ഒരു പ്രദേശത്തെ പ്രതിബിംബനമാണ്. സാർവ്വത്രിക സഭതന്നെയും പ്രാദേശികസഭകളുടെ കൂട്ടായ്മയാണ്. കാതോലികസഭയിൽ വിശ്വസിക്കുന്നു എന്ന് വിശ്വാസപ്രമാണത്തിൽ ഏറ്റു ചൊല്ലുന്ന സഭാമക്കളെല്ലാം സാർവ്വത്രികസഭയിൽ അംഗങ്ങളായിരിക്കേണ്ടതാണ്. ഈ പ്രദേശത്തെ ദൈവമക്കളെ ആഗോളകത്തോലിക്കാ സഭയുമായി പുനരൈക്യപ്പെത്തിയ സംഭവം നടന്നിട്ട് 67 വർഷം പിന്നിടുന്നു.

1954 നു മുൻപ് ഞക്കുകാവ്, ളാക്കൂർ, വട്ടക്കാവ്, വെള്ളപ്പാറ പ്രദേശങ്ങളിലെ 60ൽപരം കുടുംബങ്ങൾ കിലോമീറ്ററുകൾ അകലെയുള്ള വിവിധ ദേവാലയങ്ങളിൽ പോയി ആരാധനയിൽ പങ്കെടുത്തിരുന്നു. ഈ ദേവാലയങ്ങളിലേക്ക് എത്തിച്ചേരുന്നതിനുള്ള ദൂരവും മറ്റ് ബുദ്ധിമുട്ടുകളും ഈ പ്രദേശത്തെ വിശ്വാസികളെ ഇവിടെത്തന്നെ ഒരു ദേവാലയം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ചിന്തിപ്പിച്ചു. ഒരു ചാപ്പലെങ്കിലും നിർമ്മിക്കുന്നതിന് അധികാരികളെ പലവട്ടം സമീപിച്ചെങ്കിലും അനുവാദം ലഭിച്ചില്ല. അന്ന് മലങ്കര കത്തോലിക്കാ സെമിനാരിയിൽ പഠനം നടത്തിയിരുന്ന ബഹുമാനപ്പെട്ട ശാമുവൽ പള്ളിവാതുക്കൽ അച്ചൻ തന്റെ ബന്ധുവായ ഇടമണ്ണിൽ ശ്രീ മത്തായിയിൽ നിന്നും (ബഹു. ശാമുവൽ ഇടമണ്ണിലച്ചന്റെ പിതാവ്) ഇവിടുത്തെ വിശ്വാസികളുടെ ആത്മീയ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി. മലങ്കര കത്തോലിക്കാ സഭയെക്കുറിച്ചും സഭയിൽ ചേർന്നാലുണ്ടാകാവുന്ന സമാധാനത്തെയും സന്തോഷത്തേയുംകുറിച്ച് ഇവിടുത്തെ വിശ്വാസികളെ ശ്രീ ഇടമണ്ണിൽ മത്തായിലൂടെ ബോധവൽക്കരിച്ചു. തത്ഫലമായി കുറെ കുടുംബങ്ങൾ മലങ്കര കത്തോലിക്കാ സഭയിലേക്ക് ചേരുവാനുള്ള താല്പര്യം തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ അറിയിക്കാൻ തീരുമാനിച്ചു. ആയതിൻപ്രകാരം ശ്രീ മത്തായി ഇലഞ്ഞിക്കൽ (റവ. ഫാ. ഡോ. മാത്യു ഇലഞ്ഞിക്കലിന്റെ പിതാവ്) ശ്രീ. ഈശോ പുത്തൻവീട്ടിൽ, ശ്രീ യോഹന്നാൻ ചീനിക്കാലായിൽ (റവ.ഫാ. ആത്മാനന്ദ് ഒ.ഐ.സി.യുടെ പിതാവ്), ശ്രീ. സ്കറിയ ചാക്കിലേത്ത്, ശ്രീ തോമസ്സ് ചരിവുകാലായിൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ കിഴവള്ളൂർ മലങ്കര കത്തോലിക്കാ ദേവാലയ വികാരിയായിരുന്ന റവ.ഫാ. വർക്ഷീസ് വടശ്ശേരിയെ സമീപിക്കുകയും അദ്ദേഹത്തിന്റെ സഹായത്തോടെ അഭിവന്ദ്യ ആർച്ച്ബിഷപ്പിനെ കണ്ട് സങ്കടം ബോധിപ്പിച്ചു. ഞക്കുകാവിൽ ഒരു ഇടവക രൂപീകരിക്കുന്നതിനും ദേവാലയം നിർമ്മിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുന്നതിന് ഫാ. വർക്ഷീസ് വടശ്ശേരിയച്ചനെ തിരുമനസ്സുകൊണ്ട് ചുമതലപ്പെടുത്തി. പൊൻകുന്നത്ത് കിഴക്കേതിൽ ശ്രീ ഇടിച്ചെറിയ ഗീവർഗീസിന്റെ സ്ഥലത്ത് വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു ചാപ്പൽ സ്ഥാപിച്ചു.

1954 ജനുവരി 29 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഞക്കുകാവിൽ വരികയും 33 കടുംബങ്ങൾ തിരുമനസ്സിന്റെ സാന്നിദ്ധ്യത്തിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും ചെയ്തു. തുടർന്ന് ഇന്ന് ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥലം പുത്തൻവീട്ടിൽ ശ്രീ ഈശോയിൽ നിന്നും, വട്ടപ്പാറ ശ്രീ തോമസ്സിൽ നിന്നുമായി വാങ്ങുകയും അതിമനോഹരമായ ഒരു വലിയ ദേവാലയം പണികഴിപ്പിക്കുകയും അഭിവന്ദ്യ തിരുമനസ്സ് കൂദാശാകർമ്മം ചെയ്ത് സഭയ്ക്ക് സമർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ബനഡിക്ട് തിരുമേനിയോടും ഈ ദേവാലയത്തോടുമുള്ള പ്രത്യേക സ്നേഹവും പരിഗണനയുംമൂലം ഞക്കുകാവ് വീട്ടിൽ ശ്രീ കൃഷ്ണനും കുടുംബാംഗങ്ങളും ചേർന്ന് അവരുടെ സ്ഥലത്തുകൂടി ദേവാലയത്തിലേക്ക് റോഡ് അനുവദിക്കുകയും ഒരു കുരിശടി നിർമ്മിക്കുന്നതിനുള്ള സ്ഥലം ദാനമായി നൽകുകയും ചെയ്തു. ഞക്കുകാവിൽ ശ്രീ കൃഷ്ണനെയും കുടുംബത്തെയും ഈ ഇടവക എന്നും നന്ദിയോടെ സ്മരിക്കും.

വെള്ളപ്പാറയിൽ ചീനിക്കാലായിൽ ശ്രീ യോഹന്നാൻ ദാനമായി നല്കിയ സ്ഥലത്ത് ബഹു.ഫാ.ജോൺ സി പുത്തൻവീടിന്റെ (ബഹു.യൂഹാനോൻ റമ്പാൻ) നേതൃത്വത്തിൽ അതിമനോഹരമായ ഒരു കുരിശടികൂടി സ്ഥാപിച്ചു. 1979 ജനുവരി 28 ന് അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് ഗ്രീഗോറിയോസിന്റെ കാർമ്മികത്വത്തിൽ ഇടവകയുടെ സിൽവർ ജൂബിലി ആഘോഷവും കുരിശടിയുടെ കൂദാശാകർമ്മവും നടത്തി.

33 കുടുംബങ്ങളുമായി ആരംഭിച്ച ഇടവക ഇന്ന് 100 ൽപരം കുടുംബങ്ങളും 700 ൽപരം വിശ്വാസികളുമായി വളർന്നു പന്തലിച്ചു. പരേതരായ റവ.ഫാ.ഡോ. മാത്യു ഇലഞ്ഞിക്കൽ, റവ.ഫാ. ആത്മാനന്ദ് ഛകഇ ചീനിക്കാലായിൽ എന്നിവരും റവ.ഫാ. ജെയിംസ് ഇലഞ്ഞിക്കൽ, റവ. ഫാ. മാത്യു ചരിവുകാലായിൽ, റവ. ഫാ. തോമസ്സ് ഈട്ടിക്കാലായിൽ,റവ.ഫാ. ശാമുവൽ ഇടമണ്ണിൽ, റവ. സിസ്റ്റർ നോബിൾ എസ് ഐ സി എന്നിവരും ഈ ഇടവകയുടെ അരുമ സന്താനങ്ങളാണ്.

ഇടവകയിൽ വികാരിമാരായി സേവനം ചെയ്തവർ

1. റവ. ഫാ. വർഗീസ് വടശ്ശേരി
2. റവ. ഫാ. സാമുവൽ ശങ്കരത്തിൽ
3. റവ. ഫാ. ഗീവർഗീസ്സ് ചരുവിലേത്ത്
4. റവ. ഫാ. കുര്യൻ ഇലഞ്ഞിമറ്റം
5. റവ. ഫാ. ജോർജ്ജ് കുറ്റിയിൽ
6. റവ. ഫാ. തോമസ്സ് ചിറയത്ത്
7. റവ. ഫാ. ജോൺ സി പുത്തൻവീട്
8. റവ. ഫാ. തോമസ്സ് എഴിയത്ത്
9. റവ. ഫാ. അലക്സാണ്ടർ കോയിക്കലേത്ത്
10. റവ. ഫാ. മാത്യു കാലായിൽ
11. റവ. ഫാ. മാത്യു മാടപ്പള്ളിൽ
12. റവ. ഫാ. ജോസഫ് തടത്തിൽ
13. റവ. ഫാ. ഗീവർഗീസ് ചരുവിള
14. റവ. ഫാ. ജോൺ കാരവിള
15. റവ. ഫാ. വർഗീസ് നടുതല
16. റവ. ഫാ. ഡാനിയേൽ വടക്കേക്കര
17. റവ. ഫാ. ജോഷ്വ താഴത്തേതിൽ
18. റവ. ഫാ. ജോൺ ജി വടക്കേപ്പുറം
19. റവ. ഫാ. മാർട്ടിൻ ജോസഫ് പുത്തൻവീട്ടിൽ
20. റവ. ഫാ. മാത്യു പേഴുംമൂട്ടിൽ (ജോജി അച്ചൻ)

റവ. ഫാ. അലക്സാണ്ടർ കോയിക്കലേത്ത് വികാരിയായിരുന്നപ്പോൾ പാരീഷ്ഹാളിന്റെ പണി തുടങ്ങുകയും റവ. ഫാ. മാത്യു കാലായിൽ അച്ചന്റെ കാലത്ത് പൂർത്തീകരിക്കുയും ചെയ്തു. റവ. ഫാ. മാത്യു മാടപ്പള്ളിയുടെ കാലത്ത് ഞക്കുകാവ് കുരിശടിയുടെ നവീകരണവും പാരീഷ്ഹാളിനോട് ചേർന്ന് അടുക്കളയും മുറികളും നിർമ്മിച്ചു.

2004 ജനുവരി 26 ന് ഇടവകയുടെ സുവർണ്ണജൂബിലി വളരെ ആഘോഷമായി നടത്തി. കൊല്ലം രൂപ

താദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. സ്റ്റാൻലി റോമൻ തിരുമേനി മുഖ്യ അതിഥിയായി പങ്കെടുത്തു.

വിശ്വാസപരിശീലനം, മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്, മലങ്കര കാതലിക് അസോസിയേഷൻ, മാതൃ സമാജം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, നാല് പ്രാർത്ഥനാ ഗ്രൂപ്പുകൾ എന്നിവ മാതൃകാപരമായും അഭിമാനകരമായും നടക്കുന്നു.

1954 ൽ പണികഴിപ്പിച്ച ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ജോൺ ജി. വടക്കേപ്പുറം അച്ചന്റെ നേതൃത്വത്തിൽ തുടക്കംകുറിച്ചു. ഇപ്പോൾ ജോജി അച്ചന്റെ നേതൃത്വത്തിൽ നിർമ്മാണം ഭംഗിയായി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ദേവാലയ കൂദാശാ കർമ്മങ്ങൾ 2021 മേയ് മാസത്തിൽ നടത്തണമെന്ന് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ആഗ്രഹിക്കുന്നു. 15 അംഗ ഇടവക ഭരണസമിതിയും 35 അംഗ ദേവാലയ പുനരുദ്ധാരണ സമിതിയും സജീവവും സ്തുത്യർഹവുമായി പ്രവർത്തിക്കുന്നു.